# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

# കോ–ഓർഡിനേഷൻ കമ്മിറ്റി

**04.07.2012 വൈകുന്നേരം 7.30 മണിമുതൽ ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിയേറ്റ് നോർത്ത് കമ്മിറ്റി ഹാളിൽ കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ നടപടിക്കുറിപ്പ്**

**1. 13.06.2012–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.**

**2** തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും മറ്റും പങ്കെടുപ്പിച്ച് നടത്തിയ വിവിധ ശില്പശാലകളിൽ ഉയർന്നു വന്ന അഭിപ്രായങ്ങളും ശുചിത്വമിഷൻ, കുടുംബശ്രീ , സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ നിർദ്ദേശിച്ച കാര്യങ്ങളും, കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിൽപ്പെട്ട സബ്സിഡി മാനദണ്ഡങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് വേണ്ട മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് പരിഷ്ക്കരിക്കാൻ തീരുമാനിച്ചു.

**3. പ്രത്യേക വിഷയങ്ങൾ**

**3.1 കളമശേരി നഗരസഭ (ഫയൽ നം. 34396/ഡി.ബി.3/12/തസ്വഭവ)**

നിലവിലുള്ള 3 വാഹനങ്ങൾക്ക് പുറമേ രണ്ട് ബൊലേറോ ജീപ്പു കൂടി വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടത് ചർച്ച ചെയ്ത് നഗരസഭകൾക്ക് കൂടുതൽ വാഹനം വാങ്ങുന്നതു സംബന്ധിച്ച് പൊതു മാനദണ്ഡം ആവിഷ്ക്കരിക്കാൻ തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവരുൾപ്പെടുന്ന സമിതിയെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 മലപ്പുറം ജില്ലാ ആസൂത്രണ സമിതി (ഫയൽ നം. 31444/ഡി.ബി3/12/തസ്വഭവ)**

.മലപ്പുറം ജില്ലയിലെ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ആസൂത്രണസമിതി ആസ്ഥാന മന്ദിരത്തിന്റെ എസ്റ്റിമേറ്റും കരട് പ്ലാനും ആർക്കിടെക്ചറൽ – സ്ട്രക്ചറൽ ഡിസൈനും തയ്യാറാക്കിയതിന് 2.33% ൽ ലിമിറ്റ് ചെയ്ത് കൺസൾട്ടൻസി ഫീസ് നൽകുന്നതിന് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കൊല്ലം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 8730/ഡി.എ1/12/തസ്വഭവ), 25664/എഫ്. എം. 1/2012/തസ്വഭവ**

മെച്ചപ്പെട്ട വിദ്യാഭ്യാസം എന്ന പദ്ധതി യുടെ ഗുണഭോക്താവായിരുന്ന ഒരു കുട്ടി ഹോസ്റ്റൽ മുറിയിൽ തൂങ്ങി മരിച്ച സാഹചര്യത്തിൽ നിർധനരായ മാതാപിതാക്കളെ സഹായിക്കുന്നതിന് നൽകിയ 10,000/- രൂപ ജില്ലാ പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ചെലവു കാണിക്കുന്നതിനാവശ്യമായ പ്രത്യേക അനുവാദം നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നതു പരിഗണിച്ച് ഇത്തരം വിഷയങ്ങൾ വകുപ്പ് തലത്തിൽ തീരുമാനമെടുക്കാവുന്നതാകയാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കു വരേണ്ടതല്ലെന്ന് അറിയിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കളമശ്ശേരി മുനിസിപ്പാലിറ്റി (ഫയൽ നം. 34281/എഫ്.എം. 1/12/തസ്വഭവ)**

നഗരസഭ ഡംബിംഗ് യാർഡിനായി പൊന്നും വില നടപടി പ്രകാരം സ്ഥലം ഏറ്റെടുത്തിട്ടുള്ളതിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിലുള്ള തുക പ്ലാൻ ഫണ്ടിൽ നിന്നും പിൻ വലിച്ച് അടയ്ക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നത് പരിഗണിച്ച് ഇത്തരം വിഷയങ്ങൾ വകുപ്പ് തലത്തിൽ തീരുമാനമെടുക്കാവുന്നതാകയാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരേണ്ടതല്ലെന്ന് അറിയിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 മലപ്പുറം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 34417/ഡി.ബി.3/12/തസ്വഭവ)**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ഔദ്യോഗിക വാഹനം വാങ്ങുന്നതുമായി ബന്ധപ്പെട്ട വിഷയം അടുത്ത യോഗത്തിൽ ചർച്ച ചെയ്യാനായി മാറ്റിവച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കോഴിക്കോട് കോർപ്പറേഷൻ (ഫയൽ നം. 31897/എഫ് എം.1/12/തസ്വഭവ)**

പൊന്നും വില അധിക നഷ്ട പരിഹാര തുക അടയ്ക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നത് പരിഗണിച്ച് ഇത്തരം വിഷയങ്ങൾ വകുപ്പ് തലത്തിൽ തീരുമാനമെടുക്കാവുന്നതാകയാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയിൽ വരേണ്ട വിഷയമല്ലെന്ന് അറിയിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 താനാളൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 33440/ഡി.ബി1/12/തസ്വഭവ)**

ഇം.എം.എസ് ഭവന പദ്ധതിയിൽ നിഷ്ക്കർഷിച്ചിരിക്കുന്ന വീടുകളുടെ വിസ്തീർണ്ണം 60 സ്ക്വയർ മീറ്ററിൽ കവിയാൻ പാടില്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 അയർക്കുന്നം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 34408/ഡി.ബി1/12/തസ്വഭവ)**

പഞ്ചായത്തിലെ ഒറ്റ പ്ലാക്കൽ കോളനിയിൽ പട്ടികജാതി വിഭാഗത്തിൽ പ്പെട്ട പിതാവ് ഉപേക്ഷിച്ച രണ്ടു കുട്ടികളിൽ മൂത്ത കുട്ടിക്ക് ബ്ലഡ് കാൻസർ രോഗം പിടിപെട്ടതിനാൽ മാതാവ് കെ.കെ. സുമ എന്നയാൾ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം 90,000/- രൂപ കൈപ്പറ്റിയെങ്കിലും വീടു പണി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ധനസഹായം ലഭ്യമാക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നത് പരിഗണിച്ച് ആവശ്യമെങ്കിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റിന് വാഹനം വാങ്ങിയത്. (ഫയൽ നം. 15850/ഡി.സി3/12/തസ്വഭവ)**

എറണാകുളം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റിനായി പുതിയ വാഹനം വാങ്ങിയതിന് സർക്കാർ നിശ്ചയിച്ചിരുന്ന 8 ലക്ഷം പരിധി കഴിഞ്ഞ് 28,992/- രൂപ അധികം ചെലവായത് അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പാലിയേറ്റീവ് കെയർ (ഫയൽ നം. 28532/ഡി,എ.1/12/തസ്വഭവ)**

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും പാലിയേറ്റീവ് പരിചരണം സംബന്ധിച്ച് ലഭിച്ച കരട് മാർഗരേഖ കോഴിക്കോട് മാതൃക കൂടി പരിഗണിച്ച് അടുത്ത യോഗത്തിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 മലപ്പുറം ജില്ല-സമഗ്ര ജില്ലാ വികസന പദ്ധതി നം. 3351 (1) /എൻ.ഒ. ആർ /2012/എം. (പഞ്ചായത്ത് & സോഷ്യൽ വെൽഫയർ )**

മലപ്പുറം ജില്ലയിൽ സമഗ്ര ജില്ലാ വികസന പദ്ധതി തയ്യാറാക്കുന്നതിന് ഡി.പി.സി.യുടെ ആഭിമുഖ്യത്തിലുള്ള പ്രവർത്തനങ്ങൾക്ക് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 12,000/- രൂപ വീതവും, മുനിസിപ്പാലിറ്റികൾ 40,000/- രൂപ വീതവും, ജില്ലാ പഞ്ചായത്ത് 5,70,000/- രൂപയും വിഹിതം നൽകുന്നതിന് താഴെപ്പറയുന്ന ഉപാധികളോടെ യഥേഷ്ടാനുമതി നൽകിയിരിക്കുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വികസനം ഉറപ്പാക്കുന്നതിനും ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായ അക്കാദമിക-സാങ്കേതിക സഹായവും പിന്തുണയും നൽകുന്നത് കിലയിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ സമഗ്ര ജില്ലാ പദ്ധതി രൂപീകരിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ആവശ്യമായ പിന്തുണയും അക്കാദമിക മേൽനോട്ടവും കില നിർവഹിക്കേണ്ടതാണ്. ഈ സൗകര്യം ഉപയോഗപ്പെടുത്തി വേണം ഡി.പി.സി. ജില്ലാ വികസന പദ്ധതി രൂപീകരിക്കേ ണ്ടതും അതിനായി സ്വരൂപിക്കുന്ന ഫണ്ട് വിനിയോഗിക്കേണ്ടതും. ജില്ലാ പദ്ധതി രൂപീകരണത്തിനാവശ്യമായ പൊതു മാർഗരേഖ ഉടനെ പ്രസിദ്ധീകരിക്കുന്നതായിരിക്കും അതിനനുസരിച്ചിട്ടുള്ള പദ്ധതികളാണ് രൂപപ്പെടുത്തേണ്ടത്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് നം. 3351 (2)/എൻ.ഒ.ആർ/2012/എം. (പഞ്ചായത്ത് & സോഷ്യൽ വെൽഫയർ )**

2011–12 പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ വർക്കുകൾ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുന്നത് സംബന്ധിച്ച് വിഷയം വകുപ്പ് തലത്തിൽ തീരുമാനമെടുക്കാവുന്നതാകയാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കു വരേണ്ടതല്ലെന്ന് അറിയിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പത്തനംതിട്ട ജില്ലാ പഞ്ചായത്തനം. 3351(3) /എൻ.ഒ.ആർ/2012/എം. (പഞ്ചായത്ത് & സോഷ്യൽ വെൽഫയർ )**

2011–12–ലെ പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ സ്പിൽഓവർ പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച വിഷയം ജില്ലാ പഞ്ചായത്ത് തന്നെ സ്പിൽഓവർ പദ്ധതിയുടെ നിലവിലെ നിർദ്ദേശങ്ങൾ പാലിച്ച് തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കോഡൂർ ഗ്രാമപഞ്ചായത്ത്  ഫയൽ നം. 30758/ഡി.എ2/12/തസ്വഭവ**

2008–09 സാമ്പത്തിക വർഷം ഡി.പി.സി. അംഗീകരിച്ച രണ്ടു പദ്ധതികളിലായി 1,04,000 രൂപ ചെലവിൽ (24,000+80,000) 11 ഗുണഭോക്താക്കൾക്ക് (3+8) റെയ്ഡ്കോ മുഖേന കാടുവെട്ടുയന്ത്രം വിതരണം ചെയ്തത് അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 മൂപ്പൈനാട്  ഗ്രാമപഞ്ചായത്ത്  ഫയൽ നം. 13555/എ.സി.1/11/തസ്വഭവ**

ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥന 13.06.2012–ലെ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ 3.26 ഇനമായി മേലിൽ ആവർത്തിക്കരുതെന്ന താക്കീതോടു കൂടി അംഗീകാരം നൽകിയിട്ടുള്ളതാണ്..

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്  ഫയൽ നം. 37953/എഫ്.എം.2/12/തസ്വഭവ**

പഞ്ചായത്തിന് ഒരു കോൺഫറൻസ് ഹാൾ നിർമ്മിക്കുന്നതിനാവശ്യമായ തനതുഫണ്ട് ലഭ്യമല്ലാത്തതിനാൽ 20 ലക്ഷം രൂപ പ്രത്യേക ഗ്രാന്റായി അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. പഞ്ചായത്തിന് വികസനഫണ്ടിൽ നിന്ന് തുക കണ്ടെത്താമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ചെന്നിത്തല – തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്  ഫയൽ നം. 35213/എഫ്.എം.2/12/തസ്വഭവ**

വെറ്ററിനറി കെട്ടിടത്തിന്റെ ഉത്ഘാടന പരിപാടികളുടെ ചെലവ് സംബന്ധിച്ച വിഷയം കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ടതല്ലെന്നും പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തിന് നടപടി കൈക്കൊള്ളാവുന്നതാണെന്നും തീരുമാനിച്ചു..

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കൂത്തുപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഫയൽ നം. 34628/ഡി.ഡി.2/12/തസ്വഭവ**

ലോക്കൽ ഫണ്ട്സ് അക്കൗണ്ട് കമ്മിറ്റിയുടെ തീരുമാനമായതിനാൽ കോഓർഡിനേഷൻ കമ്മിറ്റിക്ക് പരിഗണിക്കാൻ കഴിയുന്നതല്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ അഭ്യർത്ഥന നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 എളയാവൂർ ഗ്രാമ പഞ്ചായത്ത് ഫയൽ നം. 36264/ഡി.എ2/12/തസ്വഭവ**

എസ്.സി.പി. വികസനഫണ്ടിൽ കോമ്പൻസേഷൻ ഇനത്തിൽ വകയിരുത്തിയ തുകയിൽ നിന്നും വെള്ളക്കരം കുടിശ്ശികയ്ക്ക് പ്രോജക്ട് തയ്യാറാക്കുന്നതിന്, 2011–12 വർഷം അഡ്ജസ്റ്റ് ചെയ്യുന്ന തുക അടുത്ത വർഷം തിരികെ എസ്.സി.പി. വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നുള്ള നിബന്ധനയോടെ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കോഴിക്കോട് ജില്ലാ മെഡിക്കൽ ഡയഗ്നോസ്റ്റിക് & പാരാമെഡിക്കൽ കോഓപ്പറേറ്റീവ് സൊസൈററി**
**(ബഹു. എ. പ്രദീപ് കുമാർ എം.എൽ.എ മുഖേന സമർപ്പിച്ച അപ്പീൽ പെറ്റീഷൻ) നം. 688/വി.ഐ.പി/2012/M(P&SW)**

ടി സൊസൈറ്റിയിൽ നിന്ന് ശുചീകരണവുമായി ബന്ധപ്പെട്ട വസ്തുക്കൾ വാങ്ങുന്നത് സ്റ്റോർ പർച്ചേസ് മാന്വലിലെ നിബന്ധനകളിൽ നിന്ന് ഒഴിവാക്കി നൽകണമെന്ന ആവശ്യം ഉചിതമല്ലാത്തതിനാൽ നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 വടക്കേക്കര ഗ്രാമപഞ്ചായത്ത് നം. 3429/ എൻ.ഒ.ആർ/2012/M(P&SW)**

കൊല്ലം–കോട്ടപ്പുറം ദേശീയ ജലപാത ഡ്രഡ്ജിംഗ് മായി ബന്ധപ്പെട്ട് പഞ്ചായത്ത്തല പ്രാദേശിക വികസന സമിതിയുടെ നേതൃത്വത്തിൽ ഡ്രഡ്ജിംഗിന്റെ ചെളിമണ്ണ് വിൽപന നടത്തിയ വകയിൽ ലഭിച്ച തുക തനതു ഫണ്ടിലേയ്ക്ക് മാറ്റുന്നതിന് അനുവാദം ആവശ്യപ്പെട്ട വിഷയത്തിൻമേൽ തീരുമാനം കൈകൊള്ളാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 തിരൂർ ബ്ലോക്ക് പഞ്ചായത്ത് നം. 41118/ഡി.ഡി.2/2012/തസ്വഭവ**

പൊന്നാനി തുറമുഖത്തിന്റെ ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ട് സോൺ ഏറ്റെടുക്കുന്നതിനുള്ള തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യത്തിൻമേൽ വകുപ്പുതല തീരുമാനം കൊക്കൊള്ളാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നം. 14106/ഡി.ഡി.2/2012/തസ്വഭവ**

എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങൾ സംബന്ധിച്ച് തീരുമാനം കൈകൊള്ളുന്നതിന് സ്റ്റേറ്റ് എംപ്ലോയ്മെന്റ് ഗാരന്റി കൗൺസിലിന്റെ പരിഗണനയ്ക്ക് അയയ്ക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 മുഖത്തല ബ്ലോക്ക് പഞ്ചായത്ത് നം. 8367 /എ.സി.2/2012/തസ്വഭവ**

സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെയും ഗ്രാമസഭയിൽ നിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെയും നടപ്പാക്കിയ പദ്ധതിക്ക് അംഗീകാരം നൽകാവുന്നതല്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25** സാമൂഹ്യക്ഷേമ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിലേയ്ക്കായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള സ്ഥലം താത്ക്കാലികമായി സാമൂഹ്യക്ഷേമ വകുപ്പിന് തദ്ദേശഭരണ സ്ഥാപന തീരുമാനപ്രകാരം കൈമാറുകയും, നിർമ്മാണം പൂർത്തിയായശേഷം തിരികെ ഏറ്റെടുക്കുകയും മെയിന്റനൻസ് നടത്തുകയും ചെയ്യുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം 09.30-pm-ന് അവസാനിച്ചു)